3. കേരള കാർഷിക സർവ്വകാലശാലയുടെകീഴിൽ എൻ.എ.റ്റി.പി. (നാഷണൽ അഗ്രിക്കൾച്ചർ ടെക്നോളജി പ്രോജക്ട്) എന്ന പദ്ധതി പ്രകാരം കാസർഗോഡ്, വടകര, പൈറേഞ്ച് ഡ്വാർഫ്, കുട്ടനാട് പോത്തുകൾ എന്നീ ഇനങ്ങളിൽപ്പെട്ട കന്നുകാലികളെ കണ്ടെത്തി അവയെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതുകൂടാതെ വെച്ചൂർ ഇനത്തിൽപ്പെട്ട പശുക്കളെ സംരക്ഷിക്കുന്നതിന് സർവ്വകലാശാലയുടെ ഫാമിൽ പദ്ധതി നടപ്പിലാക്കിവരുന്നു. കേരളത്തിന്റെ തനത് ജനുസ്സുകളായ മലബാറി, അട്ടപ്പാടി ആടുകളുടേയും അങ്കമാലി ബ്ലാക്ക് പന്നികളുടേയും സംരക്ഷണത്തിനായി കേന്ദ്രസഹായത്തോടുകൂടി KLDB മുഖേന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ഡി) തനതു ജനുസ്സുകളെ സർക്കാർ ഫാമിലൂടെ സംരക്ഷിച്ച് അവയെ പ്രത്യുൽപാദനം നടത്തി അവയുടെ കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ട് നടപടി സ്വീകരിച്ചുവരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട്

25 (*325) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. ടി അഹമ്മദ് അലി :
ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആക്ടിലെ വ്യവസ്ഥകളേതെങ്കിലും ഒരു എക്സിക്യൂട്ടീവ് ഓർഡർ മുഖേന റദ്ദാക്കാനോ, തടഞ്ഞുവയ്ക്കാനോ സർക്കാരിന് അധികാര മുണ്ടോ ; എങ്കിൽ ഏതുഭരണഘടനാ വ്യവസ്ഥയാണ് ഇതനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ആക്ട് നിലവിലിരിക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനങ്ങൾ നടത്തുന്നത് സർക്കാരിനറിവുണ്ടോ ; എങ്കിൽ അത്തരം നിയമവിരുദ്ധ നടപടികൾക്കെതിരെ എന്തുനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്ക് ഈ നിയമവ്യവസ്ഥകൾക്ക് വിരുദ്ധമായി ചില ഏജൻസികൾ മുഖേന നേരിട്ട് അപേക്ഷ ക്ഷണിച്ചിട്ടുള്ളതായി അറിയാമോ ;

(ഇ) ഇതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ;

(എഫ്) ലക്ഷക്കണക്കിന് തൊഴിൽരഹിതർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് വർഷങ്ങളായി തൊഴിലിന് കാത്തിരിക്കുമ്പോൾ ഇത്തരത്തിൽ നിലവിലെ നിയമത്തിനുവിരുദ്ധമായി നടത്തിയ നിയമനങ്ങൾ റദ്ദാക്കാനും പുതിയ നിയമന നീക്കം തടയാനും ആവശ്യമായ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) :

(എ) നിലവിലുണ്ട്.

(ബി) സർക്കാരിന് അധികാരമില്ല.

(സി) കേരള കണ്സൾട്ടിംഗ് നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് നിലവിലിരിക്കെ പൊതുമേഖല സ്ഥാപനങ്ങളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനങ്ങൾ നടത്തുന്നതുശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ പരിധിയിൽ വരുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എങ്കിലും അത്തരം ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നികത്തണമെന്ന് നിഷ്കർഷിക്കാൻ പാടില്ലെന്നും ആക്ടിലുണ്ട്. 25-10-2004-ലെ 11887/ജി2/03/ തൊഴിൽ നന്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും സ്ഥാപന തലവൻമാർക്കും പി.എസ്.സി.-യുടെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ സി.എൻ.വി. ആക്ടിന്റെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരും എംപ്ലോയ്മെന്റ് മാർക്കറ്റിംഗ് ഇൻഫർമേഷൻ ഓഫീസർമാരും തങ്ങളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തി അനധികൃതനിയമനങ്ങൾ നടത്തിയിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ ആക്ട് ലംഘനത്തിന് നടപടി സ്വീകരിക്കുന്നുണ്ട്. അനധികൃതമായി നിയമിച്ചിട്ടുള്ളവരെ പിരിച്ചുവിട്ട് ഒഴിവ് നിയമാനുസൃതം നികത്തുവാൻ നിർദ്ദേശിക്കുകയും ആവശ്യമുള്ളപക്ഷം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്യാറുണ്ട്. കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി തൃപ്തികരമല്ലെങ്കിൽ നിയമം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുവാനും വ്യവസ്ഥയുണ്ട്. അനധികൃതനിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സ്ഥാപനഘങ്ങൾക്കെതിരെ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നേരിട്ട് അപേക്ഷ ക്ഷണിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇതുസംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(എഫ്) 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കണ്സൾട്ടിംഗ് നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിന് വിരുദ്ധമായി നിയമനങ്ങൾ നടത്തുന്നതിനെതിരെ 25-10-2004-ലെ 11887/ജി2/03/തൊഴിൽ നന്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പുമേധാവികൾക്കും സ്ഥാപന തലവൻമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരും എംപ്ലോയ്മെന്റ് മാർക്കറ്റിംഗ് ഇൻഫർമേഷൻ ഓഫീസർമാരും തങ്ങളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തി അനധികൃത നിയമനങ്ങൾ നടത്തിയിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ ആക്ട് ലംഘനത്തിന് നടപടി സ്വീകരിക്കുന്നുണ്ട്. അനധികൃതമായി നിയമിച്ചിട്ടുള്ളവരെ പിരിച്ചുവിട്ട് ഒഴിവ് നിയമാനുസൃതം നികത്തുവാൻ നിർദ്ദേശിക്കുകയും ആവശ്യമുള്ളപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്യാറുണ്ട്. കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി തൃപ്തികരമല്ലെങ്കിൽ നിയമം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുവാനും വ്യവസ്ഥയുണ്ട്. അനധികൃത നിയമനങ്ങൾ തടയുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജനങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന് പദ്ധതി

26 (*326) ശ്രീ. എ. എം. യൂസഫ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന് പരിസ്ഥിതി വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ; മെച്ചപ്പെട്ട മാലിന്യ നിയന്ത്രണത്തിന് വകുപ്പ് പ്രോത്സാഹനം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പരിസ്ഥിതി വകുപ്പ് പെരിയാർ റിവർ ആക്ഷൻ പ്ലാൻ പ്രകാരം നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ഡി) പെരിയാറിനെ മാലിന്യ വിമുക്തമാക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിസ്ഥിതി വകുപ്പ് നൽകിയിട്ടുള്ളത് ;

(ഇ) സംസ്ഥാനത്ത് പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ഉണ്ട്.

(ബി) പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും ഡയറക്ടറേറ്റും ജൈവവൈവിധ്യ ബോർഡും ജനങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന് വിവിധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ജൈവവൈവിധ്യ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെ കൊടുക്കുന്നു :

1. പഞ്ചായത്തുതല ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ഓരോ വാർഡിലും 5 പേർ വീതവും പഞ്ചായത്തിലെ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കും (8 പേർ) പരിശീലനം നൽകുന്നു.

2. സ്കൂൾ/കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കായി പരിസ്ഥിതി സംരക്ഷണത്തിൽ ബോധവൽക്കരണ/പരിശീലന പരിപാടികൾ നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly